# ഗവ: പോളിടെക്നിക് കോളേജ്
# മണക്കാല പി.ഒ, അടൂർ

*www.gptcadoor.org*

*email: gptcadr@gmail.com*

*04734-231617*

## അദ്ധ്യാപക രക്ഷാകർതൃ സമിതി

### പ്രവർത്തന റിപ്പോർട്ട് 2014 - 2015

### തീയതി: 09/09/2015

### സമയം : 1.30 pm

# ഗവ. പോളിടെക്നിക് കോളേജ്, അടൂർ 2014–15 വർഷത്തെ അധ്യാപക രക്ഷാകർതൃ സമിതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

മാന്യരെ,

1994 ൽ ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ്ചെയ്ത് പോളിടെക്നിക്കായി ഉയർത്തിയ നമ്മുടെ സ്ഥാപനത്തിൽ റഗുലർ, ഈവനിംഗ്, തുടർ വിദ്യാഭ്യാസ സെൽ, നോർക്ക റൂട്സ് കോഴ്സുകൾ എന്നീ വിഭാഗങ്ങളിലായി ഏകദേശം 500 കുട്ടികൾ പഠിക്കുന്നു. നമ്മുടെ സ്ഥാപനത്തിൽ മെക്കാനിക്കൽ എൻജിനീയറിംഗ്, ആർക്കിടെക്ചർ, പോളിമർ ടെക്നോളജി എന്നീ ബ്രാഞ്ചുകളിൽ റഗുലർ കോഴ്സുകളും, മെക്കാനിക്കൽ ബ്രാഞ്ചിൽ ഈവനിംഗ് കോഴ്സും കൂടാതെ തുടർ വിദ്യാഭ്യാസ സെല്ലുന്റെയും നോർക്ക റൂട്സിന്റെയും നേതൃത്വത്തിൽ നടത്തുന്ന കോഴ്സുകൾ 1) ഫയർ & സേഫ്റ്റി 2) അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി, 3) അലൂമിനിയം ഫേബ്രിക്കേഷൻ, എന്നിവയാണ്. കൂടാതെ സ്റ്റെപ്പ് ഫോർ യു സ്പെഷ്യൽ കെ. ജി.റ്റി. കോഴ്സുകളും (SC/ST വിദ്യാർത്ഥികൾക്ക്) നടത്തപ്പെടുന്നു.

08/10/2014ൽ വൈസ് പ്രസിഡന്റ് ശ്രീ. കെ മുരളിയുടെ അദ്ധ്യക്ഷതയിൽ അടൂർ ഗവ. പോളി ടെക്നിക് ക്യാമ്പസിൽ വച്ച് കൂടിയ വാർഷിക സമ്മേളനം ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഇൻ ചാർജ് ശ്രീ. പി. ഒ ബോബൻ അവർകൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് കഴിഞ്ഞ വർഷം (2013–2014) ഡിപ്ലോമ അവസാന വർഷം പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗത്തിലെ ശ്രീ. മുകേഷ്. C.M,(8.81 CGPA), ആർക്കിടെക്ചർ വിഭാഗത്തിലെ കുമാരി. അതുല്യ. s (8.69 CGPA), പോളിമർ ടെക്നോളജി വിഭാഗത്തിലെ കുമാരി. അനുശ്രുതി (7.75 CGPA) എന്നിവർക്ക് ഉപഹാരങ്ങളും ക്യാഷ് അവാർഡും നൽകി അനുമോദിച്ചു. കൂടാതെ രണ്ടാം സെമസ്റ്ററിലെയും നാലാം സെമസ്റ്ററിലെയും ഉന്നത വിജയികളായ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നൽകി.

| | | |
|---|---|---|
| S2 Mech | - | ജിൻഷാദ് |
| S4 Mech | – | ലിജോ രാജൻ |
| S2 Arch | - | അഭി വി ദേവ് |
| S4 Arch | – | ഹരികൃഷ്ണൻ. K |
| S2 Polymer | – | ഇന്ദു. M. നായർ |
| S4 Polymer | – | നീതു ദിവാകരൻ |

പ്രസ്തുത യോഗത്തിൽ PTA യുടെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും വിശദമായ ചർച്ചയ്ക്കു ശേഷം യോഗം ഏക കണ്ഠമായി അംഗീകരിച്ചു. 2014–15 വർഷത്തിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ താഴെപ്പറയുന്ന ഭാരവാഹികളെ യോഗം തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. പി. ഒ ബോബൻ (പ്രിൻസിപ്പാൾ ഇൻചാർജ്) |
| വൈസ് പ്രസിഡന്റ് | : | ശ്രീ. കെ മുരളി |
| സെക്രട്ടറി | : | ശ്രീ. അരുൺ ഗോപനാഥ് (സ്റ്റാഫ്) |
| ട്രഷറർ | : | ശ്രീ. മണികണ്ഠൻ നായർ (സ്റ്റാഫ്) |

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

| രക്ഷിതാക്കൾ | അദ്ധ്യാപകർ |
|---|---|
| ശ്രീ. കെ. മുരളി | ശ്രീ. പി. ഒ ബോബൻ |
| ശ്രീ. ഉണ്ണികുഞ്ഞ് | ശ്രീ. കെ രാജേന്ദ്രൻ |
| ശ്രീ. രാജേന്ദ്രൻ. എൽ | ശ്രീമതി. ഗിരിജാദേവി. N.C |
| ശ്രീമതി. ശ്രീലത | ശ്രീ. പ്രസന്നകുമാർ. K.R |
| ശ്രീ. ശശി ഡി. തോട്ടുവ | ശ്രീ. അരുൺ ഗോപിനാഥ് |
| ശ്രീ. രവി. കെ | ശ്രീ. മണികണ്ഠൻ നായർ |
| ശ്രീമതി. ലത | ശ്രീ.ജേക്കബ് സാമുവേൽ |
| ശ്രീ. ഉണ്ണി. പി | ശ്രീ. താഹ P.J |
| ശ്രീ. ഭാർഗ്ഗവൻ. ആർ | ശ്രീ. അരുൺ ജോർജ്ജ് |
| ശ്രീ. വിദ്യാധരൻ. കെ | ശ്രീമതി. റാണി പോൾ |

## റിപ്പോർട്ട് വർഷത്തിലേക്ക്

കോളേജിലേക്ക് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെയും (MHRD) സംസ്ഥാന സർക്കാരിന്റെയും ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് പോളിമർ ഡിപ്പാർട്ട്മെന്റ് പുർണമായും മാറ്റി. എല്ലാ ലാബുകളും, ക്ലാസ് മുറികൾ പ്രത്യേകമായും സജ്ജീകരിച്ചു. കൂടാതെ 3.68 കോടി രൂപ ചെലവാക്കി നിർമ്മിക്കുന്ന കോളേജിന്റെ മെയിൻ ബിൽഡിംഗിന്റെ പണികൾ അവസാന ഘട്ടത്തിലാണ്. കോളേജിലേക്ക് ഒരു ആഡിറ്റോറിയം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാനുള്ള തീവ്രശ്രമങ്ങൾ നടന്നു വരുന്നു. കുട്ടികൾക്ക് നല്ല നിലവാരത്തിലുള്ള ഒരു കളിസ്ഥലം കോളേജിന്റെ പിറകിൽ തയാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പി.ടി.എ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി നിരത്തൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. പി. ടി. എ പോലെ തന്നെ CE സെൽ (തുടർ വിദ്യാഭ്യാസ സെൽ) സ്ഥാപനത്തിന്റെ വികസനത്തിന് സഹായം ചെയ്യുന്നുണ്ട്. റിപ്പോർട്ട് വർഷം 5 തവണ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം കൂടുകയുണ്ടായി. കഴിഞ്ഞ വർഷം മെക്കാനിക്കൽ എൻജിനീയറിംഗിൽ 40 പേർ പരീക്ഷ എഴുതിയതിൽ 9 ഡിസ്റ്റിംഗ്ഷനും 8 ഫസ്റ്റ് ക്ലാസ്സുകളും ഉൾപ്പെടെ 17 പേർ വിജയിച്ചു. പോളിമർ ടെക്നോളജിയിൽ 29 പേർ പരീക്ഷ എഴുതിയതിൽ 3 ഡിസ്റ്റിംഗ്ഷനും 6 ഫസ്റ്റ് ക്ലാസ്സുകളും 4 സെക്കന്റ് ക്ലാസ്സുകളും ഉൾപ്പെടെ 13 പേർ വിജയിച്ചു. ആർക്കിടെക്ച്ചർ വിഭാഗത്തിൽ 45 പേർ പരീക്ഷ എഴുതിയതിൽ 3 ഡിസ്റ്റിംഗ്ഷനും 8 ഫസ്റ്റ് ക്ലാസ്സുകളും 6 സെക്കന്റ് ക്ലാസ്സുകളും ഉൾപ്പെടെ 17 പേർ വിജയിച്ചു. നമ്മുടെ സ്ഥാപനത്തിൽ 58 സ്ഥിരം ജീവനക്കാരും 11 ഗസ്റ്റ് അധ്യാപകരും ജോലി നോക്കുന്നു.

ശ്രീ. C.S അനിൽ കുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഭൂമിത്ര ക്ലബ് മികച്ച പ്രവർത്തനം കാഴ്ച വച്ചു. ശ്രീ. അനിൽകുമാർ ട്രാൻസ്ഫർ ആയതിനെ തുടർന്ന് ശ്രീ. ഹക്കീം ചാർജ്ജെടുത്തു. പോളിമർ വിഭാഗം മേധാവി ശ്രീ. K. രാജേന്ദ്രന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് പ്ലേസ്മെന്റ് സെൽ നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. മെക്കാനിക്കൽ വിഭാഗത്തിലെ ഒരു വിദ്യാർത്ഥിക്ക് MRF ലും പോളിമർ വിഭാഗത്തിലെ 4 വിദ്യാർത്ഥികൾക്ക് മെട്രോ പോളിമേഴ്സിലും, 3 വിദ്യാർത്ഥികൾക്ക് വീതം പാര ഗൺ ഇൻഡസ്ട്രീസ്, ഫാമിലി പ്ലാസ്റ്റിക് എന്നീ കമ്പനികളിലും ഓരോ വിദ്യാർത്ഥികൾ വീതം ഹെൻകൽ ലിമിറ്റഡ്, സാഹി ടയേഴ്സ് എന്നീ കമ്പനികളിലും പ്ലേസ്മെന്റ് ലഭിച്ചു. ആകെ 13 വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് സെൽ വഴി ജോലി ലഭിച്ചു. ശ്രീ. വർഗീസ് മാത്യുവിന്റെയും, ശ്രീ. സജികുമാറിന്റെയും

നേതൃത്വത്തിൽ പ്രവർത്തിക്കുന്ന CE സെൽ തുടർ വിദ്യാഭ്യാസ കോഴ്സുകൾ നല്ല രീതിയിൽ നടത്തി വരുന്നു. CE ന്റെ Step for you കോഴ്സുകൾ തികച്ചും സൗജന്യമായി സ്റ്റൈഫന്റോട് കൂടി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകുന്നു. ക്യാമ്പസിലെ NSS യൂണിറ്റിന് നേതൃത്വം നൽകുന്നത് ശ്രീ. ജോളി ജോസാണ്. NSS യൂണിറ്റ് മികച്ച പ്രവർത്തനം കാഴ്ച വെക്കുന്നുണ്ട്. NSS ന്റെ നേതൃത്വത്തിൽ സപ്തദിന ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു രക്തദാന യൂണിറ്റ് NSS ന് ഉണ്ട്. നമ്മുടെ വിദ്യാർത്ഥികളിൽ നല്ല സ്വഭാവ രൂപീകരണം, വ്യക്തിത്വ വികസനം, സേവന സന്നദ്ധത തുടങ്ങിയ ഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിന് NSS ന്റെ പ്രവർത്തനങ്ങൾ ഏറെ ഗുണം ചെയ്യുന്നു. NSS ന്റെ സപ്തദിന ക്യാമ്പിനും, ദൈനം ദിന പ്രവർത്തനങ്ങൾക്കും PTA യിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ED ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട് വ്യവസായതല സന്ദർശനങ്ങളും സെമിനാറുകളും നടത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ സ്വയം തൊഴിൽ സംരഭകത്വം എന്ന ആശയം നടപ്പിൽ വരുത്തുന്നതിനാവശ്യമായ മാർഗ നിർദ്ദേശങ്ങൾ ED ക്ലബ് നല്കുന്നുണ്ട്. ശ്രീ.അരുൺ ജോർജ്ജിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫിനിഷിംഗ് സ്കൂൾ പുതിയതായി കലാലയത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ Guidelines നൽകുന്നുണ്ട്. വ്യക്തിത്വ വികസന ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ ഫിനിഷിംഗ് സ്കൂളിലൂടെ നടത്തപ്പെടുന്നു. ഇക്കഴിഞ്ഞ ഡിപ്ലോമ പരീക്ഷയിൽ (ഏപ്രിൽ 2015) ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച മെക്കാനിക്കൽ വിഭാഗത്തിലെ ലിജോ രാജൻ (9.28 CGPA), പോളിമർ ടെക്നോളജി വിഭാഗത്തിലെ നീതു ദിവാകരൻ (8.6 CGPA), ആർക്കിടെക്ചർ വിഭാഗത്തിലെ ഹരികൃഷ്ണൻ. കെ (8.79 CGPA) എന്നിവർ PTA യുടെ അനുമോദനങ്ങൾ. ഈ വിദ്യാർത്ഥികളോടൊപ്പം ഓരോ സെമസ്റ്ററിലും കൂടുതൽ മാർക്ക് വാങ്ങി ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും PTA യും ഒപ്പം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും പ്രത്യേകം ഉപഹാരങ്ങൾ നൽകുന്നതായിരിക്കും.

## റിസൽറ്റ് അവലോകനം

| ബ്രാഞ്ച് | S6 പരീക്ഷ എഴുതിയവർ | S6 പരീക്ഷ വിജയിച്ചവർ | ശതമാനം | ഡിസ്റ്റിംഗ്ഷൻ | ഫസ്റ്റ് ക്ലാസ്സ് | സെക്കന്റ് ക്ലാസ്സ് | ഡിപ്ലോമ വിജയിച്ചവർ | ഡിപ്ലോമ വിജയ ശതമാനം |
|---|---|---|---|---|---|---|---|---|
| മെക്കാനിക്കൽ | 40 | 22 | 55 | 9 | 8 | – | 17 | 42.5 |
| പോളിമർ ടെക്നോളജി | 29 | 20 | 68.97 | 3 | 6 | 4 | 13 | 44.8 |
| ആർക്കി ടെക്ചർ | 45 | 31 | 68.89 | 3 | 8 | 6 | 17 | 37.38 |

## PTA യുടെ പ്രധാന പ്രവർത്തനങ്ങൾ

കെട്ടിട സൗകര്യങ്ങൾക്ക് പരിമിതിയുള്ള നമ്മുടെ സ്ഥാപനത്തിൽ PTA ഫണ്ടിൽ നിന്നും തുക ചെലവാക്കിയാണ് ക്ലാസുകൾ, ലാബുകൾ, ക്യാമ്പസ് പരിസരം, അടിസ്ഥാന സൗകര്യങ്ങൾ, അടിയന്തര സൗകര്യങ്ങൾ, ലാബിലും, വർക് ഷോപ്പിലും അത്യാവശ്യമായ പുതിയ ഉപകരണങ്ങൾ, ലൈറ്റിംഗ്, ഫാൻ, തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ജനറൽ ബോഡിയോഗത്തിലും എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിലും എടുത്ത തീരുമാനങ്ങൾ അനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾ PTA കമ്മറ്റി ഏറ്റെടുത്ത് നടത്തുകയുണ്ടായി.

1) ആർക്കിടെക്ചർ വിഭാഗത്തിലെ ലാബിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഗസ്റ്റ് അദ്ധ്യാപകർക്കും ഗവൺമെന്റ് ഫണ്ട് തികയാത്ത സാഹചര്യത്തിൽ പി.ടി.എ ശമ്പളം നൽകിയ ഇനത്തിലും 31,676 രൂപ ചെലവാക്കി.

2) കഴിഞ്ഞ അധ്യായന വർഷം മികച്ച വിജയം നേടി സ്ഥാപനത്തിന് അഭിമാനമായി മാറിയ വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകി. ഓരോ ക്ലാസിലേയും മികച്ച വിദ്യാർത്ഥിക്ക് മെറിറ്റ് അവാർഡ് നൽകി. ഇതിനായി പി.ടി.എ – 4,500 രൂപ ചെലവാക്കി.

3) മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിലെ അത്യാവശ്യ ലാബുകളിലൊന്നായ CADD LAB നവീകരിക്കുന്നതിനും പൂർണമായും ഓരോ കമ്പ്യൂട്ടറിന്റെയും കണക്ഷൻ പ്രത്യേകം കൊടുക്കുകയും, ലാബ് പെയിന്റ് ചെയ്ത് വൃത്തിയാക്കി കൂടാതെ ജനലിന് കർട്ടൻ ഇടുകയും ചെയ്തു. ഇതിനെല്ലാം കൂടി – 60,600 രൂപ ചെലവാക്കി.

4) കുട്ടികളുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ഓണത്തിന് പായസവും, ക്രിസ്തുമസിന് കേക്കും നൽകുകയുണ്ടായി. ഇതിനായി 11,945 രൂപ ചെലവാക്കി.

5) CADD ലേക്കും, Auditorium ആവശ്യത്തിലേക്കും Arm chair (50എണ്ണം), Armless Chair (60 എണ്ണം) എന്നിവ വാങ്ങി നൽകി. ഇതിനായി 23.500 രൂപ പി.ടി.എ ചിലവാക്കി.

6) കെമസ്ട്രി ലാബ് മുകളിലത്തെ നിലയിലേക്ക് മാറ്റി സ്ഥാപിച്ചു. ഈ പുതിയ ലാബിൽ പ്ലംബിംഗ്, വയറിംഗ് എന്നീ ജോലികൾ പൂർത്തിയാക്കി. ഇതിനെല്ലാം കൂടി പി.ടി.എ 15,225 രൂപ ചെലവാക്കി.

7) കോളേജിന്റെ അതിർത്തി നിർണ്ണയിച്ച് സർവ്വേ നടത്തി കോളേജിന്റെ ഗ്രൗണ്ട് ആവശ്യത്തിനായി സ്ഥലം ജെ.സി.ബി ഉപയോഗിച്ച് നികത്തി ഇതിനെല്ലാം കൂടി 36,645 രൂപ പി.ടി.എ ചിലവാക്കി.

8) ഇന്റർപോളി ആർട്സ് ഫെസിറ്റിവൽ, സ്പോർട്സ് എന്നീ പരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. ഇതിനായി കുട്ടികളുടെ യാത്രാചെലവ്, താമസചെലവ് എന്നിവ പി.ടി.എ വഹിച്ചു. ഇതിനെല്ലാം കൂടി 35,650 രൂപ ചെലവാക്കി.

9) കോളേജിന്റെ കമ്പ്യൂട്ടർ ലാബ് ഐ.റ്റി പ്രാക്ടിക്കൽ നൽകുന്നതിന് വേണ്ടി പ്രത്യേകം സജ്ജീകരിച്ചു. യു.പി.എസ് കണക്ഷൻ ഉൾപ്പെടെ വയറിംഗ് നടത്തി ലാബ് നവീകരിച്ചു. ഇതിനെല്ലാം കൂടി 41,150 രൂപ പി.ടി.എ ചെലവാക്കി.

10) നമ്മുടെ സ്ഥാപനത്തിന്റെ ഒന്നാം നിലയിലേക്കുള്ള കോണിപ്പടിക്ക് വാതിൽ നിർമ്മിച്ചു നൽകി. ഇതിനായി 5,500 രൂപ പി.ടി.എ ചെലവാക്കി.

11) ഡ്രോയിംഗ് ഹാളിൽ യു.പി.എസ് കണക്ഷൻ ഉൾപ്പെടെ പൂർണ്ണമായും വൈദ്യുതീകരിച്ചു. ഇതിലൂടെ ആവശ്യത്തിന് വെളിച്ചം ഹാളിൽ സജ്ജീകരിക്കുവാൻ കഴിഞ്ഞു. ഇതിനായി 9,030 രൂപ ചെലവാക്കി.

12) ഇലക്ട്രിക്കൽ ലാബിലേക്ക് പ്രാക്ടിക്കൽ നൽകുന്നതിന് ആവശ്യമുള്ള ഉപകരണങ്ങൾ (ഡിജിറ്റൽ മൾട്ടി മീറ്റർ ഉൾപ്പെടെയുള്ളവ) വാങ്ങി നൽകി. ഇതിനായി 6,910 രൂപ ചെലവാക്കി.

13) ഈവനിംഗിൽ പുതിയതായി ഒന്നാംവർഷ വിദ്യാർത്ഥികൾ വന്നപ്പോൾ ഒരു ക്ലാസ് റൂം സജ്ജീകരിക്കേണ്ടി വന്നു. റൂം നമ്പർ 1, 3 എന്നീ ക്ലാസുകൾ യു.പി.എസ് കണക്ഷൻ ഉൾപ്പെടെ വൈദ്യുതീകരിച്ചു. ആവശ്യത്തിന് ലൈറ്റ്, ഫാൻ എന്നിവ നൽകി ഇതിനെല്ലാം കൂടി 89,135 രൂപ ചെലവാക്കി.

14) നിർദ്ധനരും അശരണരുമായ രോഗികൾക്ക് സംഭാവന നൽകി വരുന്നുണ്ട്. ഇത് അവരുടെ ചികിത്സ യ്ക്കാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് നൽകുന്നത്. ഈ ഇനത്തിൽ 3,250 രൂപ പി.ടി.എ വ്യത്യസ്ത ആളുകൾക്ക് നൽകി.

15) നമ്മുടെ സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഐഡികാർഡ് പി.ടി.എ നൽകി. ഇതി നായി 6,445 രൂപ ചെലവാക്കി.

16) എം.എച്ച്.ആർ.ഡി പർച്ചേസിലൂടെ നമ്മുടെ സ്ഥാപനത്തിന് 4 ലേത്തുകൾ (Lathe) വർക്ഷോപ്പിലെ മെഷീൻ ഷോപ്പിലേക്ക് ലഭിച്ചു. ഈ ലേത്തുകൾ ക്രെയിൻ ഉപയോഗിച്ച് ഇറക്കി സ്ഥാപിക്കുന്നതിനും മറ്റുമായി 12,000 രൂപ ചെലവായി.

17) ലൈബ്രറിയിലേക്ക് ജേർണലുകൾ വാങ്ങിക്കാൻ വേണ്ടി 2,780 രൂപ പി.ടി.എ നൽകി.

18) മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിലേക്ക് (Department Library) പുസ്തകം വാങ്ങിയ ഇനത്തിലും, ഹൈഡ്രോളിക്സ് ലാബിന്റെ അറ്റകുറ്റപണികൾ ചെയ്ത ഇനത്തിലും പി.ടി.എ 17,242 രൂപ നൽകി.

19) പി.ടി.എ പൊതുയോഗം, ക്ലാസ് പി.ടി.എ, പി.ടി.എ എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നീ പരിപാടി കൾക്കുള്ള റീഫ്രെഷ്മെന്റ് നൽകിയ ഇനത്തിൽ 34,122 രൂപ ചെലവാക്കി.

20) സ്ഥാപനത്തിലെ കാട് വെട്ടി വൃത്തിയാക്കിയതിനും, മഴക്കുഴികൾ എടുക്കുന്നതിനും, വോളീബോൾ കോർട്ട് വൃത്തിയാക്കിയതിനും മറ്റിതര ക്ലീനിംഗ് ജോലികൾക്കെല്ലാമായി 18,423 രൂപ ചെലവാക്കി.

21) സ്ഥാപനത്തിലെ പ്ലംബിംഗ് അറ്റക്കുറ്റപണികൾ നടത്തികൊടുത്തു. പുതിയതായി പൈപ്പ് ലൈനുകൾ ഇട്ട് നൽകി. ഇതിനായി പി.ടി.എ 21,419 രൂപ ചെലവാക്കി.

22) പോളിമർ ഡിപ്പാർട്ട്മെന്റ് ലാബും അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെ പുതിയതായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ഇതിനായി പി.ടി.എ 53,772 രൂപ ചെലവാക്കി.

23) അഡ്മിഷന് വരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ Print out, help desk വഴി എടുത്ത് നൽകി Printing & Stationary സാധനങ്ങൾ വാങ്ങിയ ഇനത്തിൽ 10,695 രൂപ ചെലവാക്കി.

24) സ്ഥാപനത്തിലെ കേടായ ഫർണിച്ചറുകൾ, ബഞ്ച്, ഡസ്ക് എന്നിവ നന്നാക്കി നൽകി. ഇതിനായി 12,418 രൂപ ചെലവാക്കി.

25) ദേശീയ ഗെയിംസിന് മുന്നോടിയായി നടന്ന റൺ കേരള റൺ എന്ന പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2980 രൂപ ചെലവാക്കി.

26) PTA എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം ആൺകുട്ടികളുടെ ടോയിലറ്റ് പുനർ നിർമ്മിച്ച് ടൈലിട്ട് യൂറിനൽ സ്ഥാപിച്ച് നൽകി ഇതിനായി 69,173 രൂപ ചെലവാക്കി.

27) സ്ഥാപനത്തിലെ ടെലഫോൺ ബിൽ അടയ്ക്കാൻ PTA 13,527 രൂപ നൽകി

28) കിണർ വൃത്തിയാക്കി നെറ്റ് ഇട്ട് നൽകി ഇതിനായി PTA 6000 രൂപ ചെലവാക്കി.

29) വർക്ക് ഷോപ്പിലേക്ക് കുട്ടികൾക്ക് പ്രാക്ടിക്കൽ നടത്തുന്നതിന് ആവശ്യമായ Consumables വാങ്ങിനൽകി. ഇതിനായി 64,944 രൂപ ചെലവാക്കി.

പി. ടി. എ യുടെ നിരന്തരമായ ഇടപെടൽ മൂലം നമ്മുടെ കോളേജ് അന്തരീക്ഷം പൊതുവെ സമാധാനപരമായിരുന്നു.

റിപ്പോർട്ട് വർഷം മുൻ നീക്കിയിരിപ്പ് ............. രൂപ ഉൾപ്പെടെ ............. രൂപ വരവും ................... രൂപ ചെലവും കഴിച്ച് ............... രൂപ നീക്കിയിരിപ്പുണ്ട്. വരവ് ചെലവ് കണക്കുകൾ ആഡിറ്റർമാരായ ശ്രീ. ആർ. ഭാർഗ്ഗവൻ, ശ്രീ. വിദ്യാധരൻ.കെ, എന്നിവർ വിശദമായി പരിശോധിച്ച് ആഡിറ്റ് ചെയ്തിട്ടുണ്ട്. ഇനിയും പരിഹാരം ആവശ്യമുള്ള വിവിധ പദ്ധതികൾ നമ്മുടെ സ്ഥാപനത്തിലുണ്ട്. അതിന് തുടർന്നും ഇതുപോലെ ശക്തമായ പി.ടി.എ സംവിധാനം ആവശ്യമാണ്. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ എടുത്ത തീരുമാന

ങ്ങൾ പരമാവധി സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് വളരെ സൂക്ഷ്മതയോടും സത്യസന്ധതയോടും കൂടി ചെയ്തു തീർക്കുവാൻ കഴിഞ്ഞു എന്നുള്ളത് സന്തോഷപൂർവ്വം പങ്കുവയ്ക്കുന്നു.

ഭൗതിക സൗകര്യക്കുറവുകൾ ഉണ്ടായിട്ടും നമ്മുടെ സ്ഥാപനത്തിലെ മുഴുവൻ പ്രവർത്തനങ്ങളും, അധ്യായനവും, വിദ്യാർത്ഥികളുടെ തൊഴിൽ ലഭ്യതയും സ്ഥാപനത്തിന്റെ വളർച്ചയും ഏകോപിപ്പിക്കുന്നതിൽ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിച്ച മുഴുവൻ രക്ഷിതാക്കളുടെയും, അദ്ധ്യാപകരുടെയും കൂട്ടായ പ്രവർത്തനം ഇനിയുമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

പി.ടി.എയുടെ പ്രവർത്തനങ്ങളിൽ പൂർണ്ണമായും സഹകരിക്കുകയും പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഒരേ സ്വരത്തിൽ സ്ഥാപനത്തിന് വേണ്ടി നിലകൊണ്ട മുഴുവൻ പി.ടി.എ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, എല്ലാ രക്ഷിതാക്കൾക്കും, സ്റ്റാഫ് അംഗങ്ങൾക്കും, ജീവനക്കാർക്കും ഉള്ള നിസീമമായ നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ

ഭരണസമിതിക്കുവേണ്ടി

മണക്കാല, അടൂർ

09-09-2015

**സെക്രട്ടറി**

**അരുൺ ഗോപിനാഥ്**